LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പുമായി ബന്ധപ്പെട്ട കേസുകൾ

109 [3849] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറലിനെയും മുതിർന്ന ഗവൺമെന്റ് പ്ലീഡർമാരെയും മാത്രമായി നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഈ വിഭാഗത്തിലെ എത്ര കേസുകൾ കേരള ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്;

(സി) പ്രസ്തുത കേസുകളിലെ പരാതിക്കാരായിട്ടുള്ളവരുടെ പേരുവിവരവും ഓരോ കേസിലും ഉൾപ്പെട്ട ഭൂമിയുടെ വിസ്തൃതിയും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) ഇതിൽ എത്ര കേസുകളിൽ ഇതിനകം സർക്കാർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്;

(ഇ) ശേഷിക്കുന്ന കേസുകളിൽ സത്യവാങ്മൂലം സമർപ്പിക്കുന്നതിനും കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും അഡ്വക്കേറ്റ് ജനറലുമായി ആലോചിച്ച് അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) വനം വകുപ്പുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതി നായി ശ്രീമതി സുശീല ആർ. ഭട്ടിനെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡറായി നിയ മിച്ചിട്ടുണ്ട്.

(ബി) വനം വകുപ്പുമായി ബന്ധപ്പെട്ട് 1996 കേസുകൾ ഹൈക്കോടതിയിൽ നിലവിലുള്ളതായി അഡ്വക്കേറ്റ് ജനറൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി—ഇ) ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

ചന്ദനതൈലം ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾ

110 [3850] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

" സാജു പോൾ:

" എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചന്ദനതൈലം ഉൽപ്പാദിപ്പിക്കുന്ന എത്ര ഫാക്ടറികൾ പ്രവർത്തിക്കുന്നു എന്നു അറിയിക്കാമോ; ഈ ഫാക്ടറികൾക്കാവശ്യമായ ചന്ദനം നൽകുവാൻ സംസ്ഥാനത്തിനു കഴിയുമോ;

(ബി) ഇവയുടെ പ്രവർത്തനത്തിനാവശ്യമായ ചന്ദനമരം എവിടെ നിന്നാണ് ശേഖരിക്കുന്നതെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ എവിടെ നിന്നാണ് ചന്ദനം ലഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) വനം വകുപ്പ് ചന്ദനലേലം നടത്താറുണ്ടോ; എങ്കിൽ 2002-2003, 2003-2004 എന്നീ വർഷങ്ങളിലായി നടത്തിയ ലേലത്തിന്റെ വിശദാംശം അറിയിക്കാമോ;

(ഇ) സംസ്ഥാനത്തെ ഏതെല്ലാം ചന്ദന ഫാക്ടറികളാണ് ചന്ദനം ലേലത്തിൽ പിടിച്ചിട്ടുള്ളതെന്നും അവയുടെ കണക്കും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ചന്ദനതൈലം ഉൽപ്പാദിപ്പിക്കുന്ന ഫാക്ടറികൾക്ക് വനം വകുപ്പ് അനുമതി നൽകിയിട്ടില്ല. എന്നാൽ വനം വകുപ്പിന്റെ അനുമതിയില്ലാതെ അനധികൃതമായി 14 ഫാക്ടറികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി കണ്ടെത്തിയിരുന്നു. അവയിൽ 4 ഫാക്ടറികൾക്കെതിരെ വനം വകുപ്പ് നടപടിയെടുത്തിട്ടുണ്ട്. ചന്ദന ഫാക്ടറികളുടെ പ്രവർത്തനത്തിനാവശ്യമായ ചന്ദനം സംസ്ഥാനത്തെ വനങ്ങളിൽ ലഭ്യമല്ല.

(ബി) ഈ വിഭാഗത്തിൽ ഔപചാരികമായ അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ റെയ്ഡ് നടത്തുമ്പോഴോ പരാതികൾ സംബന്ധിച്ച് അന്വേഷണം നടത്തുമ്പോഴോ ചന്ദന ഫാക്ടറികളുടെ കൈവശമുള്ള ചന്ദനത്തിന്റെ ഉറവിടം അന്വേഷിക്കാറുണ്ട്.

(സി) ആവശ്യമായ ചന്ദനത്തിന്റെ ഏറിയപങ്കും കേരളം, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിൽനിന്നും അനധികൃതമായി ലഭിക്കുന്നതായി അനുമാനിക്കുന്നു. കൂടാതെ ചെറിയ അളവിൽ വനം വകുപ്പിൽ നിന്നും ലേലം പിടിച്ചും ലഭ്യമാക്കാറുണ്ട്.

(ഡി) ഉണ്ട്. 2002-2003, 2003-2004 വർഷങ്ങളിൽ നടത്തിയ ചന്ദന ലേലത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	വിറ്റ ചന്ദനം	ലഭിച്ച വില
2002-2003	25.0928 മെ. ടൺ	2,66,61,948 രൂപ
2003-2004	52.8675 ,,	9,69,67,886 ,,

(ഇ) സംസ്ഥാനത്തെ താഴെപ്പറയുന്ന ഫാക്ടറികളാണ് മേൽകാലയളവിൽ ചന്ദനം ലേലത്തിൽ പിടിച്ചത്.

	ചന്ദന ഫാക്ടറികൾ	ലേലത്തിൽ പിടിച്ച ചന്ദനം	ലഭിച്ച തുക
1.	ഫാത്തിമ പെർഫ്യൂമറി ഇൻഡസ്ട്രി, കാസർഗോഡ്	1.6178 മെ. ടൺ	15,51,848 രൂപ
12	മലബാർ റൂറൽ ഇൻഡസ്ട്രി, കണ്ണൂർ	2.4876 ,,	34,70,216 ,,

LIBRARY ARCHIVES Kerala Legislative Assembly